**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 3313

29.01.2014 ലെ
മറുപടിയ്ക്ക്

## മദ്രസാ അദ്ധ്യാപക ക്ഷേമനിധി പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. മമ്മൂട്ടി | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| എ) നിലവിലെ മദ്രസാ അദ്ധ്യാപക ക്ഷേമനിധി പദ്ധതി ആകർഷകമല്ലാത്തതിനാൽ, മദ്രസാ അദ്ധ്യാപകർ അംഗത്വമെടുക്കാൻ വൈമനസ്യം കാണിക്കുന്നതു പരിഗണിച്ച് പ്രസ്തുത പദ്ധതിയിൽ കൂടുതൽ ആനുകൂല്യങ്ങൾ ഉൾപ്പെടുത്തി ആകർഷകമാക്കുന്നതിനും, എല്ലാ മദ്രസാ അദ്ധ്യാപകരെയും പദ്ധതിയിൻ കീഴിൽ കൊണ്ടുവരുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; | എ | എല്ലാ മദ്രസ്സാദ്ധ്യാപകരേയും പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന്റെ ഭാഗമായി പദ്ധതി പലിശ രഹിതമാക്കി പുനരാവിഷ്കരിക്കുകയും സംസ്ഥാനത്താകെ ജില്ലാതലത്തിൽ അംഗത്വക്യാമ്പ് സംഘടിപ്പിക്കുകയും ചെയ്തിരുന്നു. വിവിധ ആനുകൂല്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ ആകർഷകമാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| ബി) പദ്ധതി ആവിഷ്കരിച്ച ഘട്ടത്തിൽ എത്രപേർ അംഗത്വം എടുത്തിരുന്നു ; ഇപ്പോൾ മൊത്തം എത്ര അംഗങ്ങളുണ്ട്; എത്ര പേർ ഇനിയും അംഗത്വമെടുക്കാൻ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | ബി | കേരളത്തിൽ ഏകദേശം ഒന്നര ലക്ഷം മദ്രസ്സാദ്ധ്യാപകരുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ആദ്യഘട്ടത്തിൽ 712 പേരാണ് അംഗത്വമെടുത്തിരുന്നത്. ഇപ്പോൾ 11104 പേർ അംഗങ്ങളായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ